LIBRARY ARCHIVES Kerala Legislative Assembly

മങ്കടയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കുന്നത്

123 (1949) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിൽ മങ്കട ആസ്ഥാനമാക്കി കെ.എസ്.എഫ്.ഇ.-യുടെ ഒരു ബ്രാഞ്ച് ആരംഭിക്കണമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ബ്രാഞ്ച് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മങ്കടയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കോ-ഇൻഷ്വറൻസ് സംവിധാനം

124 (1950) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കോ-ഇൻഷ്വറൻസ് സംവിധാനം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

(ബി) കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്നതുകൊണ്ട് സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് വലിയൊരു തുക സമാഹരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സഹകരണ സ്ഥാപനങ്ങൾക്ക് സംതൃപ്തമായ ഇൻഷ്വറൻസ് ഇടപാട് വകുപ്പ് മുഖേന നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുന്നതാണ്.